പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2248 — 09. 12. 2014 ൽ മറുപടിക്ക്

## എൽ.ഇ.ഡി. ബൾബുകൾ

ചോദ്യം — ഉത്തരം

ശ്രീ. കെ.എൻ.എ.ഖാദർ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുന്നത് ഊർജ്ജ ഉപഭോഗം കറയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട് |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ? | (ബി) | ഉണ്ട് |
| (സി) | സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകളുടെ വ്യാപനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകളുടെ വ്യാപനത്തിന് താഴെ പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br>എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ<br>കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 100 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിച്ചു.<br>എൽ.ഇ.ഡി വില്ലേജ് പരിപാടി:- ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ഇ.ഇ) ധന സഹായത്തോടുകൂടി തെരഞ്ഞെടുത്ത വാർഡുകളിൽ ഗാർഹിക ഉപയോഗത്തിനും തെരുവു വിളക്കുകളിലും എൽ.ഇ.ഡി സ്ഥാപിക്കുന്ന പരിപാടിയിൽ പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശിയിൽ 325 വീടുകളിൽ രണ്ടു വീതം എൽ.ഇ.ഡി ബൾബുകളും, 50 എൽ.ഇ.ഡി തെരുവു വിളക്കുകളും സ്ഥാപിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി തെരുവു വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും സ്ഥാപിച്ചു കഴിഞ്ഞു. ആലപ്പുഴയിൽ |

| | | | |
|---|---|---|---|
| | | | 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും 1600 എൽ.ഇ.ഡി ബൾബുകളും വിതുരയിൽ 50 എൽ.ഇ.ഡി തെരുവ് വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും സ്ഥാപിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.<br>മാതൃകാ പദ്ധതികൾനടപ്പിലാക്കൽ:- ബി.ഇ.ഇ. യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്ട്സിന്റെ 70 എൽ.ഇ.ഡി തെരുവ് വിളക്ക സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്ട്സിന്റെ 500 എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ